● സി.ടി സ്വുഹൈബ്

# ആഇശഃ(റ)യുടെ വിവാഹ പ്രായം

നബി(സ) ആഇശഃ(റ)യെ വിവാഹം ചെയ്തപ്പോൾ അവരുടെ പ്രായം സംബന്ധിച്ച് ഇന്ന് നിലവിലുള്ള ധാരണ ശരിയല്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു.

നബി(സ) വിവാഹം ചെയ്തപ്പോൾ ആഇശഃ(റ)യുടെ പ്രായം എത്രയായിരുന്നു എന്നത് സംബന്ധിച്ചുവന്ന റിപ്പോർട്ടുകൾ പുനഃപരിശോധിക്കേണ്ടതുണ്ട്. ചരിത്ര വസ്തുതകൾ വെച്ച് നോക്കുമ്പോൾ അസംഭവ്യം എന്ന് വിലയിരുത്താൻ മാത്രം തെറ്റാണ് ആ റിപ്പോർട്ടുകൾ. പ്രവാചകൻ വിവാഹം കഴിക്കുന്ന സമയത്ത് ആഇശഃ(റ)യ്ക്ക് 9 വയസ്സായിരുന്നു എന്ന നിലവിലെ ധാരണ താഴെ പറയുന്ന കാര്യങ്ങൾ വെച്ച് പരിശോധിക്കുമ്പോൾ സ്വീകാര്യമല്ല എന്ന് കാണാവുന്നതാണ്.

ഈ വിഷയമായി വന്ന അധിക റിപ്പോർട്ടുകളും ഹിശാമുബ്നു ഉർവഃ തന്റെ പിതാവിൽ നിന്നു ഉദ്ധരിക്കുന്നതായിട്ടാണ് വന്നിട്ടുള്ളത്. ഇത്രയും സുപ്രസിദ്ധമായ ഒരു കാര്യം ഒന്നോ രണ്ടോ ആളുകളിൽ നിന്നുമാത്രമായി എങ്ങനെ റിപ്പോർട്ട് ചെയ്യപ്പെട്ടു എന്നത് ഒരു വിഷയമാണ്.

1) ഹിശാമുബ്നു ഉർവഃ 71 വർഷക്കാലം മദീനഃയിലാണ് കഴിച്ചുകൂട്ടിയത്. പക്ഷെ മദീനയിലുള്ള ഒരാൾ പോലും അദ്ദേഹത്തിൽ നിന്ന് ഇക്കാര്യം ഉദ്ധരിച്ചിട്ടില്ല. 71 വർഷങ്ങൾക്ക് ശേഷം താമസം മാറിയ ഇറാഖിൽ നിന്നുള്ള റിപ്പോർട്ടർമാരാണ് ഇക്കാര്യം അദ്ദേഹത്തിൽ നിന്ന് ഉദ്ധരിച്ചിട്ടുള്ളത്.

2) ഹദീസ് റിപ്പോർട്ടർമാരുടെ ആധികാരികതയെ കുറിച്ച് പ്രതിപാദിക്കുന്ന 'തഹ്ദീബുത്തഹ്ദീബ്' എന്ന ഗ്രന്ഥത്തിൽ ഹിശാമുബ്നു ഉർവയെ കുറിച്ച് യഅ്ഖൂബ് ബ്നു ശൈബഃ പറയുന്നു: 'ഇറാഖിലെ ആളുകൾ വഴിയല്ലാതെ റിപ്പോർട്ട് ചെയ്യപ്പെട്ട അദ്ദേഹത്തിന്റെ ഹദീസുകൾ സ്വീകാര്യയോഗ്യമാണ്. ഇമാം മാലിക് ബ്നു അനസ്(റ) ഹിശാമുബ്നു ഉർവയിൽ നിന്നും ഇറാഖുകാർ വഴി വന്ന റിപ്പോർട്ടുകൾ തള്ളിക്കളഞ്ഞിരുന്നു (വാള്യം:11, പേ: 48-51)

3) ഹദീസ് റിപ്പോർട്ടർമാരെക്കുറിച്ച് പ്രതിപാദിക്കുന്ന മറ്റൊരു ഗ്രന്ഥമായ 'മീസാനുൽ ഇഅ്തിദാലി'ൽ പറയുന്നു: 'പ്രായമായപ്പോൾ ഹിശാമിന്റെ ഓർമശക്തി വളരെ ദുർബലമായിരുന്നു (വാള്യം:4, പേജ്:301-302).

പൊതു ധാരണയനുസരിച്ച് ഹിജ്റഃയുടെ 8 വർഷം മുമ്പാണ് ആഇശഃ(റ) ജനിച്ചത്. എന്നാൽ 'സ്വഹീഹുൽ ബുഖാരി'യിലെ 'കിതാബുത്തഫ്സീറി'ൽ വന്ന ഒരു ഹദീസിൽ, 'സൂറത്തുൽ ഖമർ' അവതരിക്കുന്ന സമയത്ത് ആഇശഃ(റ) കൗമാരപ്രായക്കാരിയായിരുന്നു എന്ന് പറയുന്നു. സൂറത്തുൽ ഖമറാകട്ടെ, ഹിജ്റക്ക് 7 വർഷം മുമ്പ് അവതരിച്ചതുമാണ്. ഈ റിപ്പോർട്ട് വ്യക്തമായും ഹിശാമുബ്നു ഉർവഃയുടെ റിപ്പോർട്ടുകൾക്ക് വിരുദ്ധമാണ്.

5) ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ ആഇശഃ(റ) പങ്കെടുത്തതായി പല റിപ്പോർട്ടുകളിലും കാണാം. 15 വയസ്സാകാത്ത ആരെയും അന്ന് യുദ്ധത്തിനു കൊണ്ടുപോയിരുന്നില്ല. ഇത് തെളിയിക്കുന്നത് ആ സമയത്ത് ആഇശഃ(റ)ക്ക് 15 വയസിലേറെ പ്രായമുണ്ടായിരുന്നു എന്നുതന്നെയാണ്. എന്നുമാത്രമല്ല, സ്ത്രീകളെ കൊണ്ടുപോയിരുന്നത് തന്നെ മറ്റുള്ളവർക്ക് ഒരു സഹായം എന്ന നിലക്കായിരുന്നു, അവർക്ക് ഭാരമാകാനല്ല.

6) ചരിത്ര രേഖകളനുസരിച്ച് ആഇശഃ(റ)യുടെ സഹോദരി അസ്മാ(റ)അ് ആഇശഃ(റ)യേക്കാൾ 10 വയസ്സ് കൂടുതലായിരുന്നു. 'തഖ്രീബുത്തഹ്ദീബി'ലും 'അൽബിദായ വന്നിഹായഃ'യിലും അസ്മാഅ് മരണപ്പെട്ടത്, ഹിജ്റഃ 73ൽ 100-ാം വയസിലായിരുന്നു എന്നാണ്. ഇതനുസരിച്ച് ഹിജ്റഃയുടെ സന്ദർഭത്തിൽ അവർക്ക് ഏകദേശം 27 വയസ് കാണും. ആഇശഃ(റ)ക്ക് 17 വയസ്സും.

7) ഇമാം ത്വബ്രി അദ്ദേഹത്തിന്റെ ചരിത്ര ഗ്രന്ഥത്തിൽ അബൂബക്കറി(റ)നെ കുറിച്ച് പരാമർശിക്കുമ്പോൾ അദ്ദേഹത്തിന്റെ 4 മക്കളും ജാഹിലിയ്യഃ കാലത്ത് ജനിച്ചതായി പറയുന്നുണ്ട്. അതനുസരിച്ച് ഹിജ്റഃയുടെ സന്ദർഭത്തിൽ ആഇശഃ(റ)ക്ക് കുറഞ്ഞത് 14 വയസ്സെങ്കിലും പ്രായം കാണും.

8) മറ്റൊരു ചരിത്രകാരനായ ഇബ്നു ഹിശാമിന്റെ അഭിപ്രായത്തിൽ ഉമർ(റ) ഇസ്ലാം സ്വീകരിക്കുന്നതിന്റെ തൊട്ടുമുമ്പ് ആഇശഃ(റ) ഇസ്ലാം സ്വീകരിച്ചതായി പറയുന്നു. അതനുസരിച്ച് പ്രബോധനത്തിന്റെ ഒന്നാം വർഷം തന്നെ ആഇശഃ(റ) ഇസ്ലാം സ്വീകരിച്ചിരുന്നു. ഹിജ്റഃ

യുടെ സമയത്ത് 9 വയ്സ്സായിരുന്നു എന്ന് പറയുകയാണെങ്കിൽ പ്രബോധന ത്തിന്റെ ഒന്നാം വർഷം ആഇശഃ(റ) ജനിച്ചിട്ടുപോലുമുണ്ടാവില്ല.

9) ത്വബ്രിയുടെ മറ്റൊരു റിപ്പോർട്ടിൽ, അബ്സീനിയയിലേക്ക് പലായ നത്തിനായി അനുവാദം കിട്ടിയപ്പോൾ അബൂബക്കർ(റ) മുത്ഇമിന്റെ അടു ത്തുപോയി മകളെ സ്വീകരിക്കാനാവശ്യപ്പെട്ടു. മുത്ഇമിന്റെ മകനുമായി ആയി ശയെ വിവാഹം ആലോചിച്ചിരുന്നു. എന്നാൽ ഇസ്ലാമിനോടുള്ള ശത്രുത കാരണം മുത്ഇം അതിൽ നിന്നും പിന്മാറി. അബിസീനിയയിലേക്ക് ഹിജ്റ യുടെ സന്ദർഭത്തിൽ വിവാഹം ആലോചിക്കാൻ മാത്രം പ്രായം ആഇശഃ(റ) ക്കുണ്ടായിരുന്നെന്ന് ഇത് സൂചിപ്പിക്കുന്നു.

10) ഇബ്നു ഹജറിന്റെ അഭിപ്രായമനുസരിച്ച് ഫാത്വിമഃ(റ)ക്ക് ആഇ ശഃ(റ)യേക്കാൾ 5 വയസ്സ് കൂടുതലായിരുന്നു. നബി(സ)യുടെ 35-ാം വയസ്സി ലാണ് ഫാത്വിമഃ(റ) ജനിച്ചത്. അതനുസരിച്ച് ഹിജ്റഃയുടെ സന്ദർഭത്തിൽ ആഇ ശഃ(റ)ക്ക് 14 വയസ്സെങ്കിലും പ്രായമുണ്ടായിരുന്നു.

പ്രതിപാദിക്കപ്പെട്ട ചരിത്ര വസ്തുതകൾ വെച്ച് പരിശോധിക്കുമ്പോൾ നബി(സ) ആഇശഃ(റ)യെ വിവാഹം കഴിച്ചത് 15 വയസ്സ് കഴിഞ്ഞതിനു ശേഷ മായിരുന്നെന്ന് വ്യക്തമാകുന്നു.

അവലംബം: www.understanding-islam.com

Printed at Roshni Press and Published by K.M. Abdul Ahad on behalf of Islamic Service Trust, Kerala at I.S.T building, Silver Hills, Calicut-12. Editor: **K. Abdullah Hasan**